# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1214 30.01.2018 ൽ മറുപടിക്ക്**

**ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാമ്പത്തിക അധികാരം**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിലെ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എത്ര തുക വരെയുള്ള റോഡ്, പാലം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനാണ് അധികാരമുള്ളത്; കെട്ടിടങ്ങളുടെ നിർമാണത്തിലും അതേ അധികാരമാണോ ഉള്ളതെന്ന് വ്യക്തമാക്കുമോ; | എ) പൊതുമരാമത്ത് വകുപ്പിലെ നിരത്തു, ദേശീയപാത വിഭാഗങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 50ലക്ഷം രൂപ വരെയുള്ള റോഡ്, പാലം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് അധികാരമുണ്ട്. കെട്ടിട വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 100 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനു അധികാരമുണ്ട്. |
| ബി) എം എൽ എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾ അതത് കളക്ടറേറ്റ് മുഖേന നടപ്പാക്കുമ്പോൾ പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ 1 കോടി രൂപ വരെ സാങ്കേതികാനുമതി നൽകി വരുന്നു. |
| സി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കളക്ടർ മുഖേന നടപ്പിലാക്കുന്നതിന്റെ പ്രയോജനം പൂർണമായും ഉണ്ടാകുന്നതിന് പ്രസ്തുത പ്രവൃത്തികളുടെ സാങ്കേതികാനുമതി നല്കുന്നതിനുള്ള ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാമ്പത്തികാധികാരം വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) നിലവിൽ ഇത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈകൊണ്ടിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ